സ.ഉ.(സാധാ) നം.265/2022/SJD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രൊബേഷൻ ഗുണഭോക്താക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്ന മിത്രം പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയും ആയതിന് തുക അനുവദിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.265/2022/SJD   തീയതി,തിരുവനന്തപുരം, 22-12-2022

---

പരാമർശം:- 1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 26/8/2022 ലെ എസ്.ജെ.ഡി/2516/2022-സി1 നം കത്ത്

2. 24.11.2022-ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ യോഗ-നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ അനന്തര ശുശ്രൂഷ, തുടർ സേവനങ്ങൾ എന്നിവയ്ക്കുള്ള സാഹായവും,ഇരകളുടെ പുനരധിവാസം എന്ന പദ്ധതിക്കായി സാമൂഹ്യനീതി വകുപ്പിന് 2235-02-106-93-(പ്ലാൻ) എന്ന ശീർഷകത്തിൽ 2,50,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന സാമൂഹ്യ നിയമമാണ് Probation of Offenders Act 1958. കുറ്റകൃത്യങ്ങളെ പ്രതിരോധിക്കാനുള്ള സ്ഥാപനേതര സംവിധാനം എന്ന നിലയിലും കുറ്റവാളികളിൽ ഗുണപരമായ സ്വഭാവ മാറ്റങ്ങൾ വരുത്താൻ ഉതകുന്ന മാനുഷികവും ശാസ്ത്രീയവുമായ സമീപന രീതി എന്ന നിലയിലും പ്രൊബേഷൻ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന പല ക്ഷേമ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ടെന്നും, സംസ്ഥാനത്തെ പ്രൊബേഷൻ ഗുണഭോക്താക്കൾക്ക് (മുൻ തടവുകാർ, പ്രൊബെഷനർമാർ, തടവുകാരുടെ ആശ്രിതർ, യുവകുറ്റാരോപിതർ, അതിക്രമത്തിനിരയായി ഗുരുതരമായി പരിക്കേറ്റവർ/അവരുടെ ആശ്രിതർ, ബോർസ്റ്റൽ സ്കൂൾ/ക്ഷേമ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് പുറത്തിറങ്ങിയ 18 വയസ്സ് പൂർത്തിയായ വ്യക്തികൾ) എന്നിവരെ Un skilled, Semi-skilled, Skilled, Highly-skilled എന്നിങ്ങനെ നാല് ഗ്രൂപ്പുകളിലായി തിരിച്ച് അവരുടെ തൊഴിൽ അഭിരുചി പരിശോധന നടത്തി അവരവരുടെ താത്പര്യത്തിനും, കഴിവിനും അനുസൃതമായ തൊഴിലുകൾ നേടുന്നതിനു അനുയോജ്യമായ കോഴ്സുകളിൽ പരിശീലനം നൽകാൻ ലക്ഷ്യം വയ്ക്കുന്ന മിത്രം പദ്ധതി നടപ്പിലാക്കുന്നതിനു ടി പദ്ധതിയ്ക്കായി ഒരു ജില്ലയ്ക്ക് 2,00,000/- രൂപ വീതം 14 ജില്ലകൾക്കും കൂടി ആകെ 28,00,000/-

രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം 1-പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

24.11.2022-ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഈ സാമ്പത്തിക വർഷത്തെ അനന്തര ശിശ്രൂഷ, തുടർ സേവനങ്ങൾ ഇരകളുടെ പുനരധിവാസം എന്ന പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ 2235-02-106-93-(പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 2,50,00,000/- രൂപയിൽ നിന്നും 28,00,000/- രൂപ പ്രൊബേഷൻ ഗുണഭോക്താക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്ന മിത്രം പദ്ധതിയ്ക്കായി ചെലവഴിക്കുന്നതിന് ഭരണാനുമതി നൽക്കാവുന്നതാണെന്ന് സൂചന 2-പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ 2235-02-106-93-(പ്ലാൻ) എന്ന ശീർഷകത്തിൽ സാമൂഹികനീതി വകുപ്പിനായി വകയിരുത്തിയിട്ടുള്ള 2,50,00,000/- രൂപയിൽ നിന്നും 28,00,000/- രൂപ (ഇരുപത്തിയെട്ട് ലക്ഷം രൂപ മാത്രം) പ്രൊബേഷൻ ഗുണഭോക്താക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്ന മിത്രം എന്ന പദ്ധതി സാമൂഹികനീതി വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിനായി ചെലവഴിക്കുന്നതിനു സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകി കൊണ്ടും, പ്രസ്തുത തുക അനുവദിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല എസ്
ജോയിന്റ് സെക്രട്ടറി

പകർപ്പ് : ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ /

എ ആന്റ് ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം,തിരുവനന്തപുരം.

ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
ഡയറക്ടർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,
വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ
വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

സ.ഉ.(സാധാ) നം.265/2022/SJD

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ